ശ്രീ. കെ. എ. ശിവരാമഭാരതി : സർ, ഒരു സബ്മിഷൻ. കഴിഞ്ഞ ദിവസം ഞാൻ ഒരു അടിയന്തിര പ്രമേയത്തിനു നോട്ടീസ് കൊടുത്തിരുന്നു. മുനിസിപ്പൽ കോർപ്പറേഷൻ ജീവനക്കാരുടെ കാര്യത്തെ സംബന്ധിച്ചുള്ള അടിയന്തിരപ്രമേയത്തിനാണു ഞാൻ നോട്ടീസ് കൊടുത്തിരുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ അത് അനുവദിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വിശേഷമായി ഒന്നും ഉണ്ടായിട്ടില്ലെന്നാണ്. അതുകൊണ്ട് അതിനെപ്പറ്റി ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണു പറഞ്ഞിട്ടുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഒരു അടിയന്തിര പ്രമേയത്തിനു അനുമതി നൽകാതിരുന്നതിനെപ്പറ്റി.....

ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ, ഓർഡർ. അഡ്ജേൺമെൻറു മോഷൻ എടുക്കാത്തതിനെപ്പറ്റി പിന്നെ ചോദ്യം ചെയ്യാൻ പാടില്ല. അതിനു വേറെ മാർഗ്ഗങ്ങം ഉണ്ട്.

II. ADJOURNMENT MOTIONS

(i) UNEMPLOYMENT AMONG THE COIR WORKERS IN CHIRAYINKIL

ഡെപ്യൂട്ടി സ്പീക്കർ : ചിറയിൻകീഴ് താലൂക്കിലെ മൂവായിരത്തിൽപരം കയർപിരി തൊഴിലാളികളുടെയിടയിൽ പെട്ടന്നുണ്ടായിരിക്കുന്ന വമ്പിച്ച തൊഴിലില്ലായ്മമൂലം സംജാതമായിരിക്കുന്ന ഗുരുതരാവസ്ഥ ചർച്ച ചെയ്യുന്നതിനു ശ്രീ. വി. ശ്രീധർ അടിയന്തിര പ്രമേയത്തിനു നോട്ടീസ് നൽകിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാനുള്ളതു പറയാം.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : എനിക്ക് ഇപ്പോഴം അതിനെപ്പറ്റി ഒന്നും പറയാൻ നിവൃത്തിയില്ല. നാളെ പറയാം.

ശ്രീ. ബി. മാധവൻ നായർ : സർ, ഇതു ചിറയിൻകീഴ് താലൂക്കിലെ മാത്രം പ്രശ്നമല്ല. തിരുവനന്തപുരത്തും ഈ പ്രശ്നമുണ്ട്.

(ii) ATTACK ON THE HARIJANS IN NEDUPUZHA BY THE MARXIST COMMUNIST PARTY WORKERS

ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ, ഓർഡർ. നെടുപുഴ പ്രദേശത്ത് ഒരു പോലീസ് പാർട്ടി മാർക്സിസ്റ്റു പാർട്ടി പ്രവർത്തകരുടെ സഹായത്തോടുകൂടി ഹരിജനങ്ങളുടെ വീടുകളിൽ കയറി സ്ത്രീകളെ ഭയപ്പെടുത്തുന്നതുമൂലം ആ പ്രദേശത്തുള്ളവായിരിക്കുന്ന അരക്ഷിതാവസ്ഥ ചർച്ച ചെയ്യുന്നതിന് ശ്രീ. കെ. കരുണാകരൻ അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : ഇതിനെ സംബന്ധിച്ചുള്ള നോട്ടീസ് എനിക്കു കിട്ടിയില്ല. അതുകൊണ്ട് ഇതിനെ സംബന്ധിച്ചു മറുപടി ഇന്നു പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

III. CALLING ATTENTION UNDER RULE 61

(1) ARREST OF SHRI T. K. R. PANICKER, NEWS EDITOR, MATHRUBHUMI

ഡെപ്യൂട്ടി സ്പീക്കർ : കേരളത്തിലെ പ്രമുഖ ദിനപ്പത്രങ്ങളിലൊന്നായ മാതൃഭൂമിയുടെ കോഴിക്കോട് ന്യൂസ് എഡിറ്റർ ശ്രീ. ടി. കെ. ആർ. പണിക്കരെ അറസ്റ്റുചെയ്തു ലോക്കപ്പിലിട്ട് അപമാനിച്ചതുമൂലം ഉള്ളവായിട്ടുള്ള ഗുരുതരാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ റൂൾ 61 അനുസരിച്ച് ശ്രീ. പി. എം. അബൂബേക്കർ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. കെ. കെ. അബുവും ഇതേ പ്രശ്നത്തെപ്പറ്റി റൂൾ 49 അനുസരിച്ച് ഒരു നോട്ടീസ് തന്നിട്ടുണ്ട്. ശ്രീ. അബൂബേക്കറിന് സംസാരിക്കാം.

ശ്രീ. പി. എം. അബൂബേക്കർ : സർ, നമ്മുടെ ഐക്യമുന്നണി ഗവൺമെന്റിന് ഒരിക്കലുംതന്നെ ഭൂഷണമല്ലാത്ത നിർഭാഗ്യകരമായ ഒരു സംഭവത്തിലേക്ക് ബഹുമാനപ്പെട്ട സർക്കാരിന്റെയും ഈ സഭയുടെയും ശ്രദ്ധ ക്ഷണിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിൽ മുൻപു പല സന്ദർഭങ്ങളിലും ഭീകരമായ പോലീസ് മർദ്ദനങ്ങൾ നടന്നിട്ടുള്ളതായി നാം കേട്ടിട്ടുണ്ട്. ലോക്കപ്പു മർദ്ദനങ്ങളെ സംബന്ധിച്ചും കേട്ടിട്ടുണ്ട്. പക്ഷേ ഇതിനെയെല്ലാം അതിജീവിക്കുന്ന വിധത്തിൽ, മർദ്ദനം നടന്നിട്ടില്ലെങ്കിലും, മാനസികമായ ആഘാതം ഉണ്ടാക്കുന്ന ഒരു സംഭവം അടുത്തദിവസം കോഴിക്കോട് നടക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തിൽ വളരെയധികം പ്രചാരമുള്ള പ്രമുഖ പത്രങ്ങളിലൊന്നാണ് മാതൃഭൂമി. മാതൃഭൂമി ന്യൂസ് എഡിറ്റർ ശ്രീ. ടി. കെ. ആർ. പണിക്കർ അദ്ദേഹത്തെ ദേഹോപദ്രവമേൽപ്പിച്ചതായി ഒരു പരാതി കൊടുക്കാൻ ഈ മാസം 5-ാം തീയതി വൈകുന്നേരം കോഴിക്കോട് ടൗൺ പോലീസ് സ്റ്റേഷനിലേയ്ക്കു പോവുകയുണ്ടായി. എന്നാൽ പോലീസ് സ്റ്റേഷനിൽനിന്നും അദ്ദേഹത്തിന്റെ പരാതിപോലും വാങ്ങിക്കാൻ തയ്യാറാകാതെ 'നിങ്ങളെ അറസ്റ്റു ചെയ്തിരിക്കുന്നു' എന്നു പറഞ്ഞ് സബ് ഇൻസ്പെക്ടർ അദ്ദേഹത്തെ ലോക്കപ്പിൽ അടച്ചു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അറസ്റ്റുചെയ്യാനായി രേഖാമൂലമുള്ള പരാതികളൊന്നും ഇല്ലായിരുന്നുവെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. അതിനുശേഷം പിറ്റെദിവസം (തിങ്കളാഴ്ച) ഉച്ചയ്ക്കു പത്രണ്ടു മണിക്ക് അദ്ദേഹത്തെ കോടതിയിൽ ഹാജരാക്കുന്നതുവരെ മലമൂത്രവിസർജ്ജനത്തിനുപോലും സൗകര്യം കൊടുക്കുകയോ ഒരു ഗ്ലാസ് വെള്ളംപോലും കുടിക്കാൻ നൽകുകയോ ചെയ്തിട്ടില്ലാത്ത ഭാരുണമായ സംഭവമുണ്ടായി. ഇതിനെ സംബന്ധിച്ച് പോലീസ് സബ് ഇൻസ്പെക്ടറോടു പരാതിപ്പെട്ടപ്പോൾ മേലധികാരികളുടെ നിർദ്ദേശമനുസരിച്ചാണ് ഇത്തരത്തിലുള്ള പെരുമാറ്റമുണ്ടായിട്ടുള്ളതെന്നാണ് അറിയാൻ സാധിച്ചിട്ടുള്ളത്. ശ്രീ. പണിക്കരെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അദ്ദേഹം മാതൃഭൂമിയുടെ സ്റ്റാഫ് അസോസിയേഷൻ പ്രസിഡന്റാണ്. സ്വാതന്ത്ര്യസമരകാലത്ത് ജയിൽവാസം അനുഭവിച്ചിട്ടുള്ള ആളാണ്. സേലം ജയിലിലെ വെടിവയ്പിൽ പ്രതിഷേധിച്ച് കോൺഗ്രസ്സിൽ നിന്നും രാജിവച്ച് പുറത്തുവന്ന സ്വാതന്ത്ര്യപ്പടയാളികളിലൊരാളാണ്. ഇത്രയേറെ പ്രാധാന്യമുള്ള ഒരു പൗരന്, ഒരു പത്രപ്രവർത്തകന് പോലീസ് ലോക്കപ്പിൽ നേരിടേണ്ടിവന്ന അനുഭവം ഇതാണെങ്കിൽ സാധാരണക്കാരന് എവിടെയാണു രക്ഷ എന്നു ഞാൻ ഈ സന്ദർഭത്തിൽ

LIBRARY ARCHIVES Kerala Legislative Assembly